LIBRARY ARCHIVES Kerala Legislative Assembly

പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനുള്ള നടപടി

6 [324] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വൈദ്യുത പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉടൻ വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പുതിയ കണക്ഷൻ നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിതരണമേഖലയിൽ ശൃംഖല ബലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എ.പി.ഡി.ആർ.പി. സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നുണ്ട്. പത്തനംതിട്ട, മലപ്പുറം, കാസർഗോഡ് ജില്ലകളിലും 33 പട്ടണങ്ങളിലും ഈ പദ്ധതി പ്രകാരം പണികൾ ചെയ്തുവരുന്നു. ഇതു കൂടാതെ ബോർഡ് സ്വന്തം ചെലവിലും വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനുള്ള പണികൾ നടത്തുന്നുണ്ട്. കൂടാതെ താഴെപറയുന്ന പദ്ധതികളും നടപ്പാക്കിവരുന്നു:

1. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി.

2. പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള പി. എം. ജി. വൈ. പദ്ധതി.

3. വൈദ്യുതി കണക്ഷനുള്ള തുക 36 തവണകളായി അടച്ചുതീർക്കുവാനുള്ള പ്രയോറിറ്റി ഇൻസ്റ്റാൾമെന്റ് പദ്ധതി.

(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ടാർജറ്റ് പുതുക്കി നിശ്ചയിക്കുകയും ആവശ്യമായ സാധനസാമഗ്രികൾ സമയബന്ധിതമായി വാങ്ങുവാനുള്ള അധികാരം അതാതു റീജയണിലെ ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർമാർക്ക് നൽകുകയും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

	ജില്ല	എണ്ണം
1.	തിരുവനന്തപുരം	147,476
2.	കൊല്ലം	112,587
3.	പത്തനംതിട്ട	46,670
4.	കോട്ടയം	76,492
5.	ആലപ്പുഴ	67,444
6.	എറണാകുളം	156,605
7.	ഇടുക്കി	47,626
8.	തൃശ്ശൂർ	128,738
9.	പാലക്കാട്	125,661
10.	കോഴിക്കോട്	142,218
11.	മലപ്പുറം	182,550
12.	വയനാട്	32,175
13.	കണ്ണൂർ	120,568
14.	കാസർഗോഡ്	72,584

(ഡി) ജില്ലയിലെ നഗരങ്ങളെ എ.പി.ഡി.ആർ.പി. സ്കീമിൽ ഉൾപ്പെടുത്തി ശൃംഖല ബലപ്പെടുത്തുന്നതിനുള്ള പണികളും പുതുതായി 11 കെ. വി. ലൈൻ വലിക്കുന്നതിനുള്ള പണികളും ചെയ്തുവരുന്നു. മെറ്റീരിയൽസിന്റെ ക്ഷാമം കാരണം മുടങ്ങിക്കിടന്നതും തുടങ്ങുവാൻ കഴിയാത്തതുമായ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പണികൾ സമാനമായി പൂർത്തീകരിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. എ.പി.ഡി.ആർ.പി. കൂടാതെ എം.പി/എം.എൽ.എ. (ലോക്കൽ ഏരിയാ ഡെവലപ്മെന്റ്) പി.പി.എസ്. മുതലായ സ്കീമുകളും നടപ്പിലാക്കുന്നുണ്ട്.

വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം

7 [325] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സബ് ഡിവിഷനുകളിൽ ഗാർഹിക കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സബ് ഡിവിഷനുകളുടെ കീഴിൽ വരുന്ന വിവിധ സെക്ഷനുകളിൽ ഏറ്റവും ഒടുവിൽ വിവിധ കാറ്റഗറികളിൽ കണക്ഷൻ നൽകിയ തീയതി വിശദമാക്കാമോ;